> തിരുവനന്തപുരത്ത് പെങ്ങളുടെ വീട്ടിൽ താമസിച്ച് ജോലി ചെയ്യുന്ന കാലത്ത് ഞാനൊരു സൈക്കിൾ വാങ്ങി. 775 രൂപയ്ക്കൊരു ഹെർക്കുലീസ് സൈക്കിൾ. ദിവസവും പൊടിതട്ടി വൃത്തിയാക്കി. പിറേറദിവസം സൈക്കിളുമെടുത്ത് ഓഫിസിലേക്ക് 'ക്ണിക്ണീം'ന്ന് ബെല്ലടിച്ച് ചവുട്ടിപ്പോകുന്ന രംഗം ഓർത്ത് ഉറങ്ങാതെ നിന്ന ദിവസങ്ങൾ. 150 രൂപയിൽ നിന്ന് 850 രൂപയായി ശമ്പളം വർദ്ധിച്ചപ്പോൾ എന്റെ ആഗ്രഹം സ്കൂട്ടറിനോടായി. തിരുവനന്തപുരം നഗരത്തിലൂടെ സ്കൂട്ടറോടിച്ച് പോകുന്നത് സൈക്കിളിലിരുന്ന് ഞാൻ കണ്ടിരുന്നു. അങ്ങനെ സെക്കന്റ് ഹാന്റ് ലാമ്പി സ്കൂട്ടർ സ്വന്തമാക്കിയപ്പോഴും രണ്ടു മൂന്നു ദിവസം സ്കൂട്ടറിനോടൊപ്പം കിടന്നാൽ മതി എന്നെനിക്ക് തോന്നിയിട്ടുണ്ട്. സൈക്കിളും ലാമ്പിയും വാങ്ങിയപ്പോൾ കിട്ടിയ ആനന്ദം പിന്നീട് ബെൻസ് വാങ്ങിയപ്പോൾ പോലും കിട്ടിയിട്ടില്ല.

ഓർമ്മയിലേക്കൊരു
കിളിവാതിൽ

മുല്ലപ്പെരിയാർ വിഷയത്തിൽ സാങ്കേതികവും ശാസ്ത്രീയവുമായ അഭിപ്രായം പറഞ്ഞ്, തനിക്ക് എന്തു ചെയ്യാൻ പറ്റും എന്ന് ആലോചിച്ച്, തന്റേതായ സംഭാവനകൾ നൽകിയതു മാത്രമല്ല കൊച്ചൗസേഫ് ചിറ്റിലപ്പിള്ളി എന്ന വ്യവസായിയെ കേരളം ഓർക്കുക. വൃക്കദാനത്തിലൂടെ ഒരു സ്നേഹദാനം നടത്തി പലർക്കും മാതൃക കാട്ടുകയും ചെയ്തു അദ്ദേഹം. അദ്ദേഹത്തിന്റെ പച്ചയായ ജീവിതാവിഷ്കാരമാണ് ഇവിടെ രേഖപ്പെടുത്തുന്നത്.

"ആരായിത്തീരണമെന്നാണ് ആഗ്രഹം?"

വീട്ടിലെത്തിയ പള്ളീലച്ചന് കുട്ടികളെയെല്ലാം കണ്ടപ്പോൾ ചോദിക്കാൻ തോന്നിയ ചോദ്യം. ചോദ്യത്തിനു മുന്നിൽ പതറാതെ, ആലോചനകളേതുമില്ലാതെ, തന്റെ ആരാധനാ കഥാപാത്രത്തെ മനസിൽ ഒരിക്കൽ കൂടി ഓർമ്മിച്ച്, കൊച്ചൗസേപ്പ് പറഞ്ഞു:

"കല്ലെഞ്ചിന്റെ ഡ്രൈവർ!"

അച്ചന് ഒരുപക്ഷേ ചിരിവന്നു കാണണം. പക്ഷേ, കൊച്ചൗസേപ്പിന് ചിരി വന്നില്ല.

കാരണം?

"പറപ്പൂരെന്ന എന്റെ ഗ്രാമത്തിലെ ചെമ്മൺപാതകൾക്ക് പരിഷ്കാരം കൊണ്ടുവരുന്നത്

ഈ കല്ലെഞ്ചിനുകളായിരുന്നു. വിറകു കത്തിച്ചുള്ള സ്റ്റീം എൻജിൻ റോഡ് റോളറുകൾ പ്രചാരത്തിലുണ്ടായിരുന്ന കാലമായിരുന്നു അത്. കൽക്കരി എഞ്ചിന്റേതു പോലെ ശബ്ദവുമായി റോഡിൽ കരകരാന്ന് ഉരുട്ടുന്ന ആ വണ്ടി ഓടിക്കുന്ന മനുഷ്യനെ എത്രയോ തവണ ആരാധനയോടെ നോക്കിനിന്നിട്ടുണ്ട്. കപ്പടാമീശയ്ക്കൊത്ത രൂപവും, ടവ്വൽ പിരിച്ച് കോളറിന്റെ മുകളിൽ കൊരുത്തുനിൽക്കുന്ന ആ മനുഷ്യനെ എപ്പോഴും കണ്ടുകൊണ്ടിരിക്കാൻ തോന്നുമായിരുന്നു. അതാണ് കല്ലെഞ്ചിൻ ഡ്രൈവറാകാനുള്ള എന്റെ മോഹത്തിനു പിന്നിൽ. ടാറിംഗ് ചെയ്യുന്ന ആ വണ്ടിയുടെ പേര് കല്ലെഞ്ചിൻ എന്നായിരുന്നില്ല. റോളർ വരുന്നതിനുമുമ്പ് കല്ലുകൾ ഉരുട്ടിക്കൊണ്ടായിരുന്നു റോഡുപണിയെടുത്തിരുന്നത്. കല്ല് മാറി റോളർ വന്നെങ്കിലും കല്ലെഞ്ചിൻ എന്ന് പേരിനു മാത്രം രൂപാന്തരം സംഭവിച്ചില്ല.

ഭാവിയിൽ ആരായിരിക്കണം എന്നതിനെക്കുറിച്ച് ആദ്യമൊന്നും വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നില്ല. കാളവണ്ടിയും വല്ലപ്പോഴും ഒരു പുകവണ്ടി ബസും കടന്നുവരുന്ന പറപ്പൂരെന്ന എന്റെ ഗ്രാമത്തിൽ അന്ന് ഒരു ഡോക്ടറോ എൻജിനീയറോ ഉണ്ടായിരുന്നില്ല. ഒരു നാട്ടുവൈദ്യൻ മാത്രം. പെരുവയറും തൂക്കി ചെല്ലപ്പെട്ടിയുമായി മുറുക്കിച്ചുവപ്പിച്ച് വരുന്ന ഒരു കാർന്നോർ. എന്റെ കാലിൽ പാമ്പ് കടിച്ചപ്പോൾ ആ വൈദ്യനാണ് ചികിത്സിച്ചത്. വൈദ്യന്മാർ മാത്രമുള്ള ഞങ്ങളുടെ നാട്ടിൽ നിന്ന് ഒരു ഡോക്ടറാകാൻ ആഗ്രഹിക്കുന്നത് അന്ന് ചിന്തിക്കാൻ പററില്ലായിരുന്നു.

ഇനി സിനിമാക്കാരനാകണമെന്ന ആഗ്രഹം വരണമെങ്കിൽത്തന്നെ, ആകെ കാണുന്നത് സ്നാപകയോഹന്നാനോ, മിശിഹാചരിതമോ മാത്രമാകും. കൂടുതലായും സിനിമയുമായുള്ള സൗഹൃദം റേഡിയോയിൽ വരുന്ന ശബ്ദരേഖയാണ്. അതിൽ നായകരുടെ രൂപമല്ലല്ലോ, ശബ്ദമാണല്ലോ പ്രധാനം. അതുകൊണ്ട് ആ ആഗ്രഹത്തിനും സ്കോപ്പില്ല.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും എന്റെ അപ്പന് പല കാലത്തും പലതരത്തിലുള്ള ആധിയുണ്ടായിട്ടുണ്ട്. സ്കൂളിൽ നാടകത്തിൽ അഭിനയിച്ചു എന്നറിഞ്ഞപ്പോൾ, ഇവൻ വല്ല നാടകക്കാരനുമായി തുലഞ്ഞുപോകുമെന്ന് അപ്പൻ ചിന്തിച്ചു. എന്റെ അമ്മവീട്ടുകാർ സിനിമാപിടുത്തക്കാരൊക്കെയായിരുന്നു. അവർ അതിന്റെ പിന്നാലെ പോയി പണം കളഞ്ഞെന്ന ആക്ഷേപമൊക്കെ വച്ചാണ് അപ്പന്റെ പേടി.

മീശയില്ലാത്ത എനിക്ക് സ്കൂളിൽ നാടകത്തിൽ എപ്പോഴും കിട്ടിയിരുന്നത് പെൺവേഷമായിരുന്നു. അന്നെനിക്ക് ചമ്മലൊന്നുമില്ലായിരുന്നു. കോളേജിലെത്തിയപ്പോൾ ഒരു ചമ്മൽ. കാരണം വേറൊന്നുമല്ല, പെൺവേഷം കെട്ടുന്നവരെ 'ചരക്കേ' എന്നു വിളിക്കുമ്പോൾ എന്തോ ഞാനൊരു പെണ്ണായ പോലെ തോന്നും. അതോടെ നാടകം നിർത്തി, അപ്പച്ചന്റെ പേടിയും നിന്നു.

മകൻ ആരായിരിക്കണം എന്ന് അപ്പച്ചന് കൃത്യമായ നിശ്ചയമില്ലെങ്കിലും കാര്യഗൗരവമുണ്ടാക്കാൻ പാടത്തും പറമ്പിലും മേൽനോട്ടത്തിനായി പറഞ്ഞുവിടുമായിരുന്നു.

സ്കൂളിൽ പഠിക്കുന്ന കാലത്ത് എനിക്കൊരു കോംപ്ലിമെന്റ് കിട്ടി! എന്റെ നോട്ടുബുക്കുകൾ പരിശോധിച്ച് അധ്യാപകൻ എന്നോട് പറഞ്ഞു, "നീയൊരു ഡോക്ടറാവുംട്ടാ"

ഞാൻ ഞെട്ടി. കഴുത്തിൽ സ്തെതസ്കോപ്പും പിടിച്ച് അംബാസിഡറിലൊക്കെ വരുന്ന ഡോക്ടറാകുമെന്ന് എന്റെ അധ്യാപകൻ പറയുമ്പോൾ ഞാനെങ്ങനെ ഞെട്ടാതിരിക്കും. അധ്യാപകൻ വിശദീകരിച്ചു.

"നിന്റെ കൈയക്ഷരം കണ്ടാൽ ഡോക്ടർ മരുന്നുചീട്ട് എഴുതുന്നപോലെയുണ്ട്. എന്തുട്ടാടാ ഇത്?"

എന്റെ സകല സന്തോഷവും മാഞ്ഞുപോയി.

ഇല്ലേലും അധ്യാപകനെ കുററം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ 38 എന്നെഴുതിയാൽ 83 ആയിത്തീരും. ഇംഗ്ലീഷിൽ മാർക്കററ് എന്നെഴുതിയാൽ മാക്രററ് എന്നാകും. കോഴി മുളകിൽ ഓടിയപോലെ എന്നൊക്കെ കേട്ടിട്ടില്ലേ, അതുപോലൊരു എഴുത്താണ് എന്റേത്. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും സ്കൂളിലും കോളേജിലും ഞാൻ അത്യാവശ്യം വികൃതികളുള്ള മിടുക്കനായിരുന്നു.

കോളേജിലേക്കെത്തുമ്പോൾ വീട്ടിൽ മുതിർന്ന കുട്ടി എന്ന പരിഗണന ലഭിച്ചു. റേഡിയോ തൊടാനും ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അധികാരമുള്ള കുട്ടി എന്ന പരിഗണന. 'വിവിധഭാരതി' കേട്ടാണ് കോളേജിലേക്കുള്ള ഒരുക്കങ്ങൾ നടത്തിയിരുന്നത്. ഷേവു ചെയ്യുമ്പോഴും കുളിക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും പശ്ചാത്തലസംഗീതം പോലെ റേഡിയോ എന്റെ പ്രഭാതങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കും.

പാട്ടിനോടും റേഡിയോയോടുമുള്ള കമ്പം മൂത്ത് ഞാൻ ഒരു റേഡിയോ ഉണ്ടാക്കിയിരുന്നു. ബി.എസ്.സിക്ക് പഠിക്കുന്ന കാലത്തായിരുന്നു അത്. 25 രൂപയ്ക്ക് റേഡിയോ സർക്യൂട്ടും പാർട്സും വാങ്ങി ഞാനൊരു പാട്ടുപെട്ടി ഒരുക്കിയെടുത്തു. തൊട്ടടുത്ത സ്റേറഷൻ കിട്ടുന്ന ആ റേഡിയോയായിരുന്നു എന്റെ അന്നത്തെ സന്തതസഹചാരി. ഈ കാലം മുതൽ എന്റെ മനസിൽ ഉദിച്ച ഒരാഗ്രഹമാണ്, ശാസ്ത്രജ്ഞനാകണമെന്നത്. അതിനായി ഓരോ പരീക്ഷണങ്ങളിൽ ഞാൻ മുഴുകി. ചിലത് വിജയിച്ചും ചിലത് പരാജയപ്പെട്ടും പരീക്ഷണങ്ങൾ തുടർന്നു. ബി.എസ്.സിയ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ അപ്പന്റെ ആഗ്രഹം മറെറാന്നായിരുന്നു. നാട്ടിൽ എന്റെത്രയും പഠിപ്പുള്ളവർ കുറവായിരുന്നു. കർഷകനായ അപ്പനനും അത്രയേ ഓർത്തിട്ടുണ്ടാവുകയുള്ളൂ. അച്ഛൻ എന്നെ വിളിച്ചു പറഞ്ഞു, "പറപ്പൂരിൽത്തന്നെ നിനക്ക് ഒരു വീട് പണിയണമെന്നാ ഞാൻ വിചാരിക്കുന്നത്. കല്യാണമൊക്കെ നോക്കണല്ലോ!"

ഓർമ്മക്കിളിവാതിൽ

സ്വന്തം ഗ്രാമത്തിന്റെ ഓർമ്മച്ചിത്രങ്ങൾ ചേർത്ത് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി തയ്യാറാക്കിയ പുസ്തകമാണ് ഓർമ്മക്കിളിവാതിൽ. പറപ്പൂരെന്ന സ്വന്തം ഗ്രാമത്തിന്റെ നൊസ്റ്റാൾജിയയാണ് ഈ പുസ്തകത്തിൽ മുഴുവൻ. കൊച്ചൗസേപ്പ് ജനിക്കുന്ന മുതൽ, തിരുവനന്തപുരത്തേക്ക് ആദ്യമായി ജോലിക്കായി പുറപ്പെടുന്നതുവരെയുള്ള ജീവിതമാണ് ഈ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളത്. ഈ ഓർമ്മക്കിളിവാതിൽ ഒരിക്കൽകൂടി തുറക്കണമെന്നുണ്ട് എന്ന വാചകത്തോടെയാണ് ഓർമ്മക്കിളിവാതിലിന്റെ അധ്യായങ്ങൾ അവസാനിപ്പിക്കുന്നത്. മറ്റൊരു ഓർമ്മക്കിളിവാതിലിന്റെ രചനാലോകത്താണ് ഇപ്പോൾ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി. ഇതുകൂടാതെ പ്രാക്ടിക്കൽ വിസ്ഡം ഇൻ റിയൽ ലൈഫ് ആന്റ് മാനേജ്മെന്റ് എന്ന പുസ്തകവും രചിച്ചിട്ടുണ്ട്.

ഭാര്യയും മക്കളും മരുമക്കളും കൊച്ചുമോനും ഒപ്പം

പറപ്പൂര് എന്ന ഞങ്ങളുടെ നാട്ടിൽ അന്ന് കിട്ടാവുന്നതിൽ വച്ച് ഏററവും മികച്ച ജോലി, ഒന്നുകിൽ സ്കൂൾ മാഷ് അല്ലെങ്കിൽ ബാങ്ക് ഉദ്യോഗം ഇവയിലേതെങ്കിലും ഒന്ന് കിട്ടിയാൽ ജോലിയുമാകും കൃഷിയും നോക്കിനടത്താം. ഇത്രയേ അപ്പച്ചൻ ചിന്തിച്ചിരുന്നുള്ളൂ. പക്ഷേ, എന്റെ ആഗ്രഹങ്ങൾ? അതുകൊണ്ട് ഞാനെതിർത്തു. ഞാൻ പിന്നെയും പഠിച്ചു. എം.എസ്.സിക്ക് ചേർന്നപ്പോഴും തൃശൂരെവിടെയെങ്കിലും ഒരു ജോലി തരപ്പെടുത്തിത്തരണമെന്നായിരുന്നു അച്ഛന്റെ ആഗ്രഹം. എം.എസ്.സിയും കഴിഞ്ഞതോടെ നാട്ടുകാരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ വയ്യാതായി. "ഒന്നുമായില്ലേ?" "ജോലിക്കു നോക്കുന്നില്ലേ?" എന്നീ വക ചോദ്യങ്ങൾ. അപേക്ഷകളയച്ച് കാത്തിരുന്നു. അങ്ങനെ എന്റെ ആഗ്രഹം പോലെ തന്നെ നാട്ടിൽ നിന്നു മാറിനിന്ന് ചെയ്യാവുന്ന ജോലി എനിക്ക് കിട്ടി. 150 രൂപ സ്റൈറപ്പന്റോടെ തിരുവനന്തപുരത്ത് ഒരു ജോലി. പെങ്ങളുണ്ട് അവിടെയെങ്കിലും പാടവും പശുക്കളും പച്ചമനുഷ്യരും പള്ളികളും കൈ വിട്ട് തിരുവനന്തപുരത്തേക്ക് വണ്ടി കയറുമ്പോൾ എന്റെ മനസും ഒന്നു പിടച്ചിരുന്നു.

വീട്ടിലെത്തിയാൽ അപ്പച്ചന്റെ വക കല്യാണം കഴിക്കാൻ നിർബന്ധിക്കൽ. എന്നെ പിടിച്ചാൽ കിട്ടില്ലെന്നു കണ്ട് അപ്പച്ചൻ എന്നെ ബാങ്ക് ടെസ്ററഴുതിപ്പിച്ചു. ജയിക്കരുതേയെന്ന എന്റെ പ്രാർത്ഥന കേൾക്കാതെ അപ്പച്ചന്റെ പ്രാർത്ഥന കേട്ട് ദൈവം എന്നെ ജയിപ്പിച്ചു. ഇന്റർവ്യൂവും കഴിഞ്ഞതോടെ, ഞാൻ ഒററവാക്കിൽ മറുപടി നൽകി, "ഞാൻ പോകില്ല." നാട്ടിൽ ഒരു ഭൂകമ്പമുണ്ടായ പ്രതീതിയായിരുന്നു. ബന്ധുക്കളുടെയും നാട്ടുകാരുടെയും ചോദ്യങ്ങൾക്കു മുന്നിൽ ഞാൻ തളരാതെ പിടിച്ചുനിന്നു. ജോലിയിലിരിക്കെ പെണ്ണുകെട്ടാനും അപ്പച്ചൻ നിർബന്ധിച്ചു. ലക്ഷ്യപ്രാപ്തിയിലെത്താതെ പെണ്ണുകെട്ടാൻ പററില്ലെന്ന ഉറപ്പിൽ ഞാൻ നിന്നു. എന്റെ പിടിവാശി വിജയിച്ചു. പക്ഷേ, അപ്പച്ചന്റെ വക ഒരു നിർദേശം: "നീ ജോലിയൊക്കെ നോക്കിക്കോളൂ. പക്ഷേ, നിന്റെ ഓഫീസിൽ ഒരു പെൺകുട്ടിയെപ്പോലും സ്റ്റാഫായി കണ്ടുപോകരുത്."

ഇനി വല്ല പ്രേമമോ മറേറാ ഉണ്ടായി ചെക്കൻ തലതിരിഞ്ഞുപോകുമോ എന്ന ചിന്തയാകണം അപ്പച്ചനെക്കൊണ്ടത് പറയിപ്പിച്ചത്.

ജോലിയ്ക്ക് കയറി 150 രൂപയിൽ നിന്ന് ശമ്പളം 850 രൂപയിലേക്കെത്താൻ മൂന്നുവർഷം വേണ്ടിവന്നു. ഇതിൽ കൂടുതലൊന്നും ആകാൻ പോകുന്നില്ലെന്ന് എനിക്ക് ബോധ്യമായ നാളുകൾ. ഞാൻ എന്തെങ്കിലും സ്വന്തമായി തുടങ്ങണമെന്ന മോഹവുമായി നടന്നു.

ആ മൂന്നുവർഷം എന്നിൽ ആത്മധൈര്യം വളർത്തി. അളിയന്റെ സുഹൃത്തുക്കളുടെ വീട്ടിലെ ഫ്രിഡ്ജിന്റെ സ്റ്റബിലൈസർ തകരാറായാൽ അതിന്റെ ആദ്യത്തെ ഡോക്ടർ ഞാനായിരിക്കും. അങ്ങനെ സ്റ്റബിലൈസറുകളുടെ മെക്കാനിസം ഞാൻ അളിയൻ വക സുഹൃത്തുക്കളുടെ സാധനങ്ങളിൽ നിന്ന് മനസിലാക്കി. അന്ന് ഡൽഹിയിൽ നിന്നു വരുന്ന സ്റെറബിലൈസറുകളായിരുന്നു കൂടുതലും. ഇത്തരത്തിലുള്ളത് ഉണ്ടാക്കിയാൽ വിപണന സാധ്യതയുണ്ട് എന്ന് മനസിലാക്കിയതോടെ, ആ മേഖലയിൽ വച്ചുപിടിച്ചാലോ എന്നായി എന്റെ ആലോചന. അങ്ങനെയാണ് സ്വന്തമായി ഒരു കമ്പനി എന്ന ആഗ്രഹത്തിലേക്ക് ഞാനെത്തുന്നത്. ആ ജോലിയിൽ നിന്ന് ഇനി വളരാനില്ല എന്നു മനസിലാക്കിയതോടെ അപ്പച്ചനോട് വന്ന് കാര്യം പറഞ്ഞു. 50,000 രൂപ അപ്പച്ചൻ തരണം. ബാക്കി 50,000 രൂപ ബാങ്കിൽ നിന്ന് ലോണെടുക്കാം. അപ്പച്ചൻ പണംതന്നു. പക്ഷേ, ബാങ്ക് ചതിച്ചു. കെൽട്രോൺ പോലുള്ള വൻകിടകളോട് മത്സരിച്ച് ഈ ബിസിനസ് പച്ചപിടിക്കുമെന്ന് ഒരു പ്രതീക്ഷയുമില്ലാത്തതിനാൽ എന്തുറപ്പിലാണ് ലോൺ

നൽകുക എന്നതാണ് ബാങ്കിന്റെ മറുചോദ്യം. വീണ്ടും അപ്പച്ചൻതന്നെ ശരണം. തിരിച്ചു നൽകാമെന്ന ഉറപ്പിന്മേൽ 50,000 രൂപ കൂടി അപ്പച്ചൻ തന്നു. ആ ഉറപ്പിനേക്കാളും ഈ പണം നശിപ്പിച്ച് കളയില്ല എന്ന് അപ്പച്ചന് നന്നായി അറിയാവുന്നതുകൊണ്ടാണ് അത്രയും തുക അന്ന് നൽകിയത്.

എറണാകുളം, കലൂർ പൊററക്കുഴി റോഡിൽ ഒരു മുറി വാടകയ്ക്കെടുത്തു. എസ്.എസ്.എൽ.സി. തോററ രണ്ടുപേരെ കണ്ടെത്തി പണി പഠിപ്പിച്ച് കൂടെ നിർത്തി. അങ്ങനെ തോററവരും ഞാനും വിജയംകണ്ടു. ആദ്യകാലമൊക്കെ ഇരിക്കാനും നിൽക്കാനും നേരമില്ലാത്ത അവസ്ഥ എന്നുപറയില്ലേ, അതായിരുന്നു അവസ്ഥ.

കമ്പനി സ്വന്തമായി ആരംഭിച്ചതിനുശേഷമാണ് ഞാൻ ഷീലയെ വിവാഹം കഴിക്കുന്നത്.

ഷീലയെ വിവാഹം കഴിച്ചു കൊണ്ടുവന്ന നാളുകളിൽ ഞാൻ പറയും, "ഷീലേ, എനിക്ക് എട്ടുമാസം പ്രായമായ ഒരു കുട്ടിയുണ്ട്."

അപ്പച്ചനും അമ്മച്ചിയും

ഇതു കേട്ടതും ഷീല ആകെ അങ്കലാപ്പോടെ ഒരു നോട്ടമാണ്, ഇപ്പോൾ കരയുമെന്ന മട്ടിൽ. അതുകാണുമ്പോൾ ഞാൻ പറയും, വി- ഗാർഡാണ് എന്റെ കുട്ടി, എന്റെ ബിസിനസ്. അത്രയ്ക്കും ജ്വരമായിരുന്നു എനിക്ക് ബിസിനസ്. എന്റെ ഈ താൽപര്യം ഷീലയ്ക്കും അറിയാമായിരുന്നതുകൊണ്ട് പ്രശ്നമില്ലായിരുന്നു. മൂത്തമകനെ പ്രസവിക്കുന്ന വേളയിൽ ഷീല തൃശൂരിലൊരു ആശുപത്രിയിലാണ്. രാവിലെ ഞാൻ എറണാകുളത്തെ ഓഫീസിലേക്ക് പുറപ്പെടാനൊരുങ്ങുമ്പോഴാണ് ഷീല ആശുപത്രിയിലാണെന്ന വിവരമറിയുന്നത്. എറണാകുളത്ത് ജോലിക്കാരുടെ ശമ്പളമടക്കമുള്ള കാര്യങ്ങൾ നോക്കണം, എങ്ങനെയായാലും എറണാകുളത്തെത്തിയേ പററൂ. പതിവായി പോകുന്ന ട്രെയിനിനെ അങ്ങ് ഉപേക്ഷിച്ച് ഞാൻ ആശുപത്രിയിലെത്തി. കുറച്ചുനേരം അവിടെ നിന്നെങ്കിലും എനിക്ക് സമാധാനമില്ല. ഞാൻ വേഗം അടുത്ത ബസിന് എറണാകുളത്തേക്ക് വിട്ടു, ഓഫീസിലെ കാര്യങ്ങളൊക്കെ തീർത്ത് തിരിച്ചെത്തിയപ്പോഴേക്കും ഷീല ഒരാൺകുഞ്ഞിന് ജന്മം നൽകിയിട്ട് അഞ്ചോ ആറോ മണിക്കൂറായിരിക്കുന്നു. ആ സമയത്ത് ഭർത്താവ് അടുത്തില്ലല്ലോ എന്നോർത്ത് ഷീല ദുഃഖിക്കുകയോ പരിഭവം പറയുകയോ ചെയ്യാതിരുന്നത്, എന്നെ നന്നായി അറിയുന്നതുകൊണ്ടാണ്. ഷീലയ്ക്കൊപ്പം മൂത്തമകൻ അരുണും രണ്ടാമത്തെ മകൻ മിഥുനും എന്റെ ജീവിതത്തിലേക്ക് വരുമ്പോൾ ജനങ്ങളിലേക്ക് വി-ഗാർഡ് എന്ന ബ്രാൻഡ് പതുക്കെ കയറിവരികയായിരുന്നു. അവരുടെ വളർച്ചയ്ക്കൊപ്പം, പിന്നീട് അവർ ബിസിനസിലും ഒപ്പം ചേരുന്നതോടെ വി- ഗാർഡ് വിപുലമായ സാധ്യതകളിലേക്കുള്ള വാതായനം തുറന്നിട്ടു. വി- ഗാർഡ് വിവിധയിനം ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾക്കു പുറമെ, അമ്യൂസ്മെന്റ് പാർക്കിലേക്കും തിരിഞ്ഞു.

മക്കളിൽ നിന്നും കൊച്ചുമക്കളിലേക്കെത്തുമ്പോൾ, അവർക്കൊപ്പമിരിക്കാനുള്ള സമയം കണ്ടെത്തി മുത്തച്ഛനാകുന്നു. ഞാൻ പറപ്പൂരെന്ന ഗ്രാമത്തിൽ അനുഭവിച്ച ബാല്യകാലമൊന്നും ചെറുമക്കൾക്ക് തിരിച്ചുപിടിച്ചു നൽകാനാവില്ലെങ്കിലും, അന്ന് എനിക്ക് നഷ്ടപ്പെട്ട മുത്തച്ഛന്റെ സാന്നിധ്യവും സ്നേഹവും അവർക്ക് നൽകാനുള്ള ശ്രമത്തിലാണ് ഞാൻ.

കിഡ്നി നൽകിയ സ്നേഹം

എന്നെ പ്രസവിച്ചത് പറപ്പൂരെ എന്റെ വീട്ടിൽ വച്ചായിരുന്നു. ഗൈനക്കോളജിസ്റേറാ ഡോക്ടർമാർ തന്നെ അപൂർവ്വമായ കാലത്ത് വയററാട്ടിയായിരുന്നു എന്നെ ഭൂമിയിലേക്ക് ആദ്യമെടുത്തിട്ടത്. നാട്ടിലെ നാട്ടുവൈദ്യന്മാരായിരുന്നു ഞങ്ങളുടെ രോഗങ്ങൾക്ക് കാവലിരുന്ന് ചികിത്സിച്ചിരുന്നത്. ഈ കാലമൊക്കെ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു എന്നതാണ് എന്റെ ആരോഗ്യത്തെക്കുറിച്ച് എനിക്ക് വ്യക്തമായ ബോധ്യമുണ്ടാക്കിയ എന്റെ വിശ്വാസം. ആ വിശ്വാസമാണ് എന്നെ കിഡ്നി നൽകുന്നതിന് പ്രേരിപ്പിച്ചത്.

എന്റെ ഒരു ബന്ധുവിന് കിഡ്നി തകരാറിലായപ്പോൾ അവർ അനുഭവിച്ച പ്രയാസങ്ങൾ ഞാൻ നേരിട്ടു കണ്ടിരുന്നു. ഹാർട്ട് പേഷ്യന്റായ ഭർത്താവിന്റെ കിഡ്നി എടുക്കാൻ പററില്ല, മകളുടെ കിഡ്നി ചേരുന്നില്ല. ഈ സമയത്താണ് ഒരു ഏജന്റിനെ കിട്ടിയത്. അയാൾ വഴി അഞ്ചു ലക്ഷം രൂപ നൽകി കിഡ്നി വാങ്ങാമെന്നായി. പക്ഷേ, ആളും തരവും ഒക്കെയായപ്പോഴേക്കും രോഗി മരിച്ചു. ഇവരെ കാണാൻ പോകുമ്പോഴും മററുമായി ഞാൻ എന്റെ സുഹൃത്തുക്കളായ ഡോക്ടർമാർ വഴി കിഡ്നി ദാനത്തെക്കുറിച്ച് അന്വേഷിക്കുമായിരുന്നു.

ഞാൻ വീട്ടിൽ വന്ന്, ഭാര്യയോട് കാര്യം പറഞ്ഞു, "എന്റെ ഒരു കിഡ്നി നൽകിയാലോ എന്നാ ഞാനോചിക്കുന്നത്." ഒരു തമാശ കേട്ടപോലെ ആരും അക്കാര്യത്തെ ഗൗനിച്ചില്ല. പക്ഷേ, ഞാൻ സീരിയസായി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒടുക്കം ഞാൻ തീരുമാനമെടുത്തു, കൊടുക്കുക തന്നെ. വൃക്ക കൊടുക്കാനുള്ള ആരോഗ്യമുണ്ടോ എന്നറിയാൻ പല ടെസ്റ്റുകളും ചെയ്യാനുണ്ട്. അതൊക്കെ ചെയ്തത് വീട്ടിൽ ആരും അറിഞ്ഞില്ല. ഓഫീസിലേക്കിറങ്ങുന്ന ഞാൻ നേരെ ആശുപത്രിയിലെത്തി ടെസ്റ്റുകൾ ചെയ്യുകയായിരുന്നു. ഈ സമയത്താണ് ഫാ. ഡേവിസ് ചെറമ്മേൽ വൃക്കദാനം ചെയ്ത വിവരം പത്രത്തിൽ അറിയുന്നത്. ഉടൻ അദ്ദേഹത്തിന്റെ ഫോൺ നമ്പറെടുത്ത് വിളിച്ചു. പിന്നീട് നേരിട്ടുപോയി കണ്ടു.

"എന്നെ ഓവർടേക്കു ചെയ്തല്ലോ അച്ചോ?" എന്ന് ഞാൻ ചോദിച്ചപ്പോൾ അച്ചനും സന്തോഷമായി.

അപ്പോഴേക്കും ടെസ്റ്റുകളെല്ലാം കഴിഞ്ഞ് ഞാൻ 'യോഗ്യനാ'ണെന്ന് തെളിയിച്ചിരുന്നു. ആ സമയത്ത് എനിക്ക് വയസ് 60. എന്റെ ആരോഗ്യത്തിൽ എനിക്ക് അഭിമാനം തോന്നി.

ഞാൻ വീട്ടിൽ ചെന്ന് കാര്യം പറഞ്ഞു, "ഞാൻ വൃക്ക നൽകാൻ തീരുമാനിച്ചു."

വീട്ടുകാരെല്ലാം ഞെട്ടിപ്പോയി. ആരു വിലക്കിയാലും ഞാൻ എടുത്ത തീരുമാനത്തിൽ നിന്നും പിന്നോട്ടുപോകില്ലെന്ന് അറിയാവുന്നതുകൊണ്ട് വലിയ എതിർപ്പു കാണിച്ചില്ല. അങ്ങനെയായിരുന്നു ആ സ്നേഹദാനത്തിന് എന്റെ മനസും ശരീരവും ഞാൻ വിട്ടുകൊടുത്തത്.

ഗൗതാകൃഷ്ണ